Draft #4 of File 53868/AC B7-2/2020/AC B 7 (PART-I) Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Feb-2021 08:42 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സെന്റ്.തെരേസാസ് കോളേജ്, എറണാകുളം (സ്വയംഭരണം) - കോളേജിൽ 2020-'21 അധ്യയന വർഷം മുതൽ ആരംഭിക്കുന്ന M.Voc. Food Processing Technology പ്രോഗ്രാമിന്റെ കോളേജ് സമർപ്പിച്ചിട്ടുള്ള സിലബസ് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 739/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.02.2021

*പരാമർശം:*-1) സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ 13/10/2020-ലെ STCAU/533/2020 നമ്പർ കത്ത്.
2) 17/11/2020-ലെ 53868/ACB7-2/2020/ACB 7 നമ്പർ കത്ത്.
3) 19/11/2020-ലെ STCAU/595/2020 നമ്പർ കത്ത്.
4) 12/12/2020-ലെ 53868/ACB7-2/2020/ACB 7 നമ്പർ കത്ത്.
5) 29/12/2020-ലെ STCAU/675/2020 നമ്പർ കത്ത്.

**ഉത്തരവ്**

സ്വയംഭരണ പദവിയുള്ള എണാകുളം സെന്റ്.തെരേസാസ് കോളേജിൽ 2020 അധ്യയന വർഷം മുതൽ M.Voc. Food Processing Technology എന്ന സ്കിൽ ബേസ്ഡ് പ്രോഗ്രാം ആരംഭിക്കുവാൻ യു.ജി.സി.അനുവാദം നൽകിയിരുന്നു. ആയതിനാൽ ടി പ്രോഗ്രാമിന്റെ സിലബസ് സൂചന-1 പ്രകാരം സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പൽ സർവ്വകലാശാലയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ സിലബസ് അംഗീകാരത്തിനുള്ള നിർദ്ദിഷ്ട ഫീസ് അടക്കാതിരുന്നതിനെ തുടർന്ന് സൂചന 2 പ്രകാരം ഫീസ് അടക്കാൻ ആവശ്യപെട്ടതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഫീസ് അടച്ച് രസീത് സൂചന 3 മുഖേന സർവ്വകലാശാലയിൽ സമർപ്പിക്കുകയുണ്ടായി.

ബഹു.വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം പ്രസ്തുത പ്രോഗ്രാമിന്റെ സിലബസ് സർ വ്വകലാശാലയുടെ Food Technology & Quality Control (P.G.) എക്സ്പെർട്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിച്ചു. Food Technology & Quality Control (P.G.) എക്സ്പെർട്ട് കമ്മിറ്റി ടി സിലബസ് പരിശോധിച്ചതിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് ഇവ പരിഹരിച്ച് ടി സിലബസ് പുനസമർപ്പിക്കുവാൻ സൂചന 4 കത്ത് മുഖേന കോളേജിനോട് ആവശ്യപ്പെടുകയുണ്ടായി. ഇതേ തുടർന്ന് Food Technology & Quality Control (P.G.) എക്സ്പെർട്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി M.Voc. Food Processing Technology പ്രോഗ്രാമിന്റെ സിലബസ് സൂചന 5 കത്ത് മുഖേന പുനസമർപ്പിച്ചിരുന്നു.

ഇപ്രകാരം പുനസമർപ്പിച്ച എറണാകുളം സെന്റ്. തെരേസാസ് കോളേജിൽ 2020-'21 അധ്യയന വർഷം മുതൽ ആരംഭിക്കുന്ന M.Voc. Food Processing Technology പ്രോഗ്രാമിന്റെ ഭേദഗതി വരുത്തിയ സിലബസ് സർവ്വകലാശാലയുടെ Food Technology & Quality Control (P.G.) എക്സ്പെർട്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിച്ചതിനെ തുടർന്ന് ടി സിലബസിനു അംഗീകാരം നൽകാവുന്നതാണ് എന്ന് എക്സ്പെർട്ട് കമ്മിറ്റി ചെയർപേഴ്സൺ ശിപാർശ ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 (മൂന്നാം ഭേദഗതി 2014) അധ്യായം IX സെക്ഷൻ 118 പ്രകാരം, ടി ശിപാർശ പരിഗണിച്ചുകൊണ്ട് എറണാകുളം സെന്റ്.തെരേസാസ് കോളേജിൽ 2020-'21 അധ്യയന വർഷം മുതൽ ആരംഭിക്കുന്ന M.Voc. Food Processing Technology പ്രോഗ്രാമിന്റെ സിലബസ് സർവ്വകലാശാല ആക്ട് 1985 (മൂന്നാം ഭേദഗതി 2014) അധ്യായം IX സെക്ഷൻ 110-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലർ, പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) രജിസ്റ്റ്രാർ, CE, FO എന്നിവരുടെ പി.എ.
3) പ്രിൻസിപ്പൽ, സെന്റ്.തെരേസാസ് കോളേജ്, എറണാകുളം.
4) ജോയിന്റ് രജിസ്റ്റർ II (ഭരണം)
5 ) ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക്)
6 ) അസ്സിസ്റ്റന്റ് രജിസ്ട്രാർ IV (അക്കാദമിക്), അസിസ്റ്റന്റ് രജിസ്ട്രാർ 22 (പരീക്ഷ)
7) PRO/കോൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/IQAC
8) EI 36 സെക്ഷൻ/ EI 38 സെക്ഷൻ/ EI 39 സെക്ഷൻ
9) സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 53868/AC B7-2/2020/AC B 7 (PART-I) Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Feb-2021 08:42 AM - Page 2